# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 329 — 25.04.2017 — ൽ മറുപടിക്ക്

## ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള മുൻഗണനാ പട്ടിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് 2016 ഒക്ടോബറിൽ പ്രസിദ്ധീകരിച്ച കരട് മുൻഗണനാ പട്ടികക്കെതിരെ പതിനാറര ലക്ഷത്തോളം പരാതികൾ ഭക്ഷ്യ വകുപ്പിനു ലഭിച്ചെന്നകാര്യം ശരിയാണോ; | (എ) ശരിയാണ്. 16,73,422 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ പരാതികൾ പരിഹരിച്ച് എന്നത്തേക്ക് പുതിയ മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കാനാകും എന്നാണ് കരുതുന്നത്; | (ബി) സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം തയ്യാറാക്കിയ പ്രീ-പോപ്പുലേറ്റഡ് ഫോമിൽ കാർഡുടമകൾ സ്വയം പൂരിപ്പിച്ച് നൽകിയ രേഖകളുടെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും ഇതിൽ ആക്ഷേപമുള്ളവരുടെ പരാതി പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ഓഫീസർ, സി.ഡി.എസ്. സൂപ്പർവൈസർ എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിക്കുകയും ഹീയറിംഗ് നടത്തി പരാതികളിൽ തീർപ്പു കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിൽ ആക്ഷേപമുള്ളവർ ജില്ല കളക്ടർ ചെയർമാനും, ജില്ല സപ്ലൈ ഓഫീസർ കൺവീനറും ജില്ല പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എ.ഡി.സി. ജനറൽ, ജില്ല സോഷ്യൽ വെൽഫെയർ ഓഫീസർ എന്നിവരടങ്ങുന്ന അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിക്കുകയും പരാതിക്ക് പരിഹാരം കാണുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ റീ-റാങ്കിംഗ് നടത്തി |

| | | | |
|---|---|---|---|
| | | | അന്തിമ പട്ടിക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക്. അംഗീകാരത്തിനായി നൽകുകയും അന്തിമ പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പുതിയ മുൻഗണനാ പട്ടിക തയ്യാറാക്കുന്ന ചുമതല സർക്കാർ ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും ഇവർ എന്ന് പട്ടിക സർക്കാരിന് കൈമാറുമെന്നും വ്യക്തമാക്കാമോ; | (സി) | മുൻഗണനാ പട്ടിക തയ്യാറാക്കുന്ന ചുമതല സർക്കാർ ഏജൻസിയായ എൻ.ഐ.സി-യെ യാണ് ഏൽപ്പിച്ചത്. അന്തിമ പട്ടിക ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഡി) | പട്ടിക സർക്കാരിന് ലഭിച്ചാൽ പിന്നീട് ഇതുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെ; വിശദാംശം നൽകുമോ? | (ഡി) | അന്തിമമായി പ്രസിദ്ധീകരിച്ച മുൻഗണന/ മുൻഗണനേതര പട്ടികകൾ അനുസരിച്ച് ഭക്ഷ്യ ധാന്യങ്ങൾ വിതരണം നടത്തുന്നതും റേഷൻ കാർഡ് വിതരണം സംബന്ധമായ നടപടികൾ തുടരുന്നതുമാണ്. |

*സെക്ഷൻ ഓഫീസർ*